## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1059.

08.01.2014-ലെ മറുപടിയ്ക്ക്

## ഒറ്റപ്പാലത്ത് കുട്ടികളുടെ പാർക്ക്.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് രാഷ്ട്രപിതാവിന്റെ പേരിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്; | (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് രാഷ്ട്രപിതാവിന്റെ പേരിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുവാൻ 2,07,00,000/- (രണ്ട് കോടി ഏഴ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പാർക്ക് നിർമ്മാണത്തിന് പാലക്കാട് ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പാർക്ക് നിർമ്മാണത്തിന് പാലക്കാട് ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; | (സി) പ്രസ്തുത പദ്ധതി പ്രദേശം ജലസേചന വകുപ്പിന്റെ അധീനതയിലാണ്. ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ ജലസേചന വകുപ്പിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതി ലഭ്യമാകുന്ന മുറക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പാർക്കിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മഹാത്മാഗാന്ധി സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് 1934-ൽ നടത്തിയ കേരള യാത്ര തുടങ്ങിയ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരത്തിന്റെ ചരിത്രപരമായ പ്രാധാന്യം പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിലേക്കായി പാലക്കാട് ഡി.റ്റി.പി.സി. സമർപ്പിച്ച പദ്ധതിയാണ് ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൺസ് പാർക്ക്. പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.<br>1. Shops<br>2. Gandhi's statue. |

സെക്ഷൻ ഓഫീസർ